**<u>02.04.2019 ൽ എറുഡേറ്റ് സ്കീമുമായി ബന്ധപ്പെട്ട് നടന്ന ഓറിയന്റേഷൻ ക്ലാസ്സിന്റെ യോഗനടപടി ചുരുക്കം.</u>**

തീയതിഃ 02.04.2019
സമയംഃ 2 പി.എം
സ്ഥലംഃ സിൻഡിക്കേറ്റ് ഹാൾ

<u>പങ്കെടുത്തവർഃ</u>

1. ഡോ.ധർമ്മരാജൻ പി.കെ, വൈസ് ചാൻസലർ — ഒപ്പ്
2. ഡോ.എം.മണിമോഹനൻ, പ്രൊഫസർ ഇൻ ചാർജജ് ഓഫ് രജിസ്ട്രാർ — ഒപ്പ്
3. ഡോ.സാജു ടി.എസ്, ഡയറക്ടർ, ഐ.ക്യു.എ.സി — ഒപ്പ്
4. ശ്രീ.ഷെഫീക്ക് വി, കെ.എസ്.എച്ച്.ഇ.സി — ഒപ്പ്
5. ഡോ.എം.ഐ.ജോസഫ്, പ്രൊഫസർ, സൈക്കോളജി വിഭാഗം — ഒപ്പ്
6. ഡോ. മഞ്ജു ഗോപാൽ, അസോസിയേറ്റ് പ്രൊഫസർ & സംഗീത വിഭാഗം മേധാവി — ഒപ്പ്
7. ഡോ. ശ്രീവിദ്യ ജി, അസിസ്റ്റന്റ് പ്രൊഫസർ & സംസ്കൃത ജനറൽ വിഭാഗം മേധാവി — ഒപ്പ്
8. ഡോ. വി.ജി. ഗോപാലകൃഷ്ണൻ, പ്രൊഫസർ & കോഓഡിനേറ്റർ, ഹിന്ദി ട്രാൻസലേഷൻ വിഭാഗം — ഒപ്പ്
9. ഡോ.ടി മിനി, പ്രൊഫസർ & കോഓഡിനേറ്റർ വാസ്തുവിദ്യ വിഭാഗം — ഒപ്പ്
10. ഡോ. കെ മുത്തുലക്ഷ്മി, പ്രൊഫസർ & വേദാന്ത വിഭാഗം മേധാവി — ഒപ്പ്
11. ഡോ. എസ്. പ്രീയ, പ്രൊഫസർ&കോ ഓഡിനേറ്റർ, കംപാരേറ്റീവ് ലിറ്ററേച്ചർ വിഭാഗം — ഒപ്പ്
12. ഡോ. പി.വി നാരായണൻ, പ്രൊഫസർ & സാഹിത്യ വിഭാഗം മേധാവി — ഒപ്പ്
13. ഡോ. ദിലീപ് കെ.ജി, പ്രൊഫസർ & സോഷ്യോളജി വിഭാഗം മേധാവി — ഒപ്പ്
14. ഡോ. കെ.കെ അംബികാദേവി, പ്രൊഫസർ & ന്യായ വിഭാഗം മേധാവി — ഒപ്പ്
15. ഡോ.യമുന കെ, പ്രൊഫസർ & നാക് കോഓഡിനേറ്റർ — ഒപ്പ്
16. ശ്രീ.മധു ഏ.കെ, അസി. പ്രൊഫസർ & നാടകവിഭാഗം മേധാവി — ഒപ്പ്
17. ഡോ.വി.എ വത്സലൻ, പ്രൊഫസർ & മലയാള വിഭാഗം മേധാവി — ഒപ്പ്
18. ഡോ. കെ.സി. അത്താവുള്ള ഖാൻ, അസോസിയേറ്റ് പ്രൊഫസർ & ഉറുദു വിഭാഗം മേധാവി — ഒപ്പ്
19. ഡോ. കെ.പി ബർളി, അസോസിയേറ്റ് പ്രൊഫസർ, ഹിന്ദി വിഭാഗം — ഒപ്പ്
20. ഡോ. എൻ ജെന്നി റപ്പായി, പ്രൊഫസർ & ഇംഗ്ലീഷ് വിഭാഗം മേധാവി — ഒപ്പ്
21. ഡോ. എ പസ്‌ലിത്തിൽ, പ്രൊഫസർ & ചരിത്ര വിഭാഗം മേധാവി — ഒപ്പ്
22. ഡോ. കെ വിഷ്ണു നമ്പൂതിരി, പ്രൊഫസർ & വ്യാകരണ വിഭാഗം മേധാവി — ഒപ്പ്
23. ഡോ. സാജു ടി.എസ്, അസിസ്റ്റന്റ് പ്രൊഫസർ & പെയിന്റിംഗ് വിഭാഗം മേധാവി — ഒപ്പ്
24. ഡോ. അബു കെ.എം, അസിസ്റ്റന്റ് പ്രൊഫസർ & മോഹിനിയാട്ട വിഭാഗം മേധാവി — ഒപ്പ്
25. ഡോ. വേണുഗോപാലൻ നായർ സി, അസിസ്റ്റന്റ് പ്രൊഫസർ & ഭരതനാട്യം വിഭാഗം മേധാവി — ഒപ്പ്
26. ഡോ. രേഷ്മ ഭരധ്വാജ്, അസോസിയേറ്റ് പ്രൊഫസർ & സോഷ്യൽ വർക്ക് വിഭാഗം മേധാവി — ഒപ്പ്

ബഹു. വൈസ് ചാൻസലർ എല്ലാവരേയും സ്വാഗതം ചെയ്തു. ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ നിന്നും 'Erudite' Scheme നെക്കുറിച്ച് വിശദീകരിക്കാൻ വന്ന ശ്രീ. ഷഫീക്കിനെ പരിചയപ്പെടുത്തി. തുടർന്നു ശ്രീ. ഷഫീക്ക് ക്ലാസ്സ് നയിച്ചു. സംസ്ഥാനത്തെ മറ്റു സർവ്വകലാശാലകളെ അപേക്ഷിച്ച് സംസ്കൃത സർവ്വകലാശാല 'എറുഡൈറ്റ്' സ്കീമിൽ പരിപാടി സംഘടിപ്പിക്കുന്നതിൽ പിന്നോട്ടായതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഓറിയന്റേഷൻ നടത്താൻ വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചതെന്നു ആമുഖമായി പറഞ്ഞു. സയൻസ്

വിഷയങ്ങൾക്കു മാത്രമല്ല ആർട്ട് & സോഷ്യൽ സയൻസ് വിഷയങ്ങൾക്കും ടി സ്കീമിന്റെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്താവുന്നതാണെന്ന് അറിയിച്ചു. വളരെ ഫ്ളെക്സിബിൾ ആയിട്ടുള്ള അക്കാദമിക് പരിപാടിയാണെന്നും വിദേശ രാജ്യങ്ങളിൽ നിന്നുള്ള സ്കോളർമാരെ സർവ്വകലാശാല തിരഞ്ഞെടുത്താൽ സ്കോളറിന്റെ അനുവാദം ലഭിക്കുന്നതിനായി കൗൺസിൽ സഹായിക്കുന്നതാണെന്നു അറിയിച്ചു.

എറുഡേറ്റ് സ്കീമിന്റെ വിശദാംശങ്ങൾ എല്ലാവരേയും പറഞ്ഞു ബോധിപ്പിച്ചു. ചർച്ചയിൽ വകുപ്പുമേധാവികൾ സംശയങ്ങൾ ദൂരീകരിച്ചു. Nobel laureters ആണ് അതിഥിയായി വരുന്നതെങ്കിൽ പ്രത്യേക പരിഗണന നൽകുന്നതിനും അവരുടെ ഡിമാൻഡ് അനുവദിച്ച് കൗൺസിൽ വേണ്ടത് നിർവ്വഹിച്ചുതരുമെന്നും അറിയിച്ചു.

കൗൺസിലിന്റെ പുതിയ സ്കീം ആയ 'Brain gain' നെക്കുറിച്ചു വിശദീകരിച്ചു. നമ്മുടെ രാജ്യത്തിന് പുറത്തു മറ്റു സർവ്വകലാശാലയിൽ സേവനം ചെയ്യുന്ന ഇന്ത്യക്കാരായ സ്കോളർമാരെ 3 മാസം മുതൽ 1 സെമസ്റ്റർ വരെ സേവനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഡിമാൻഡ് ചെയ്യുന്നത് നെഗോഷിയെറ്റ് ചെയ്ത് തീർപ്പാക്കാൻ കൗൺസിലിൽ സഹായിക്കുന്നതാണ്. ഈ സ്കീമിലൂടെ Multidisciplinary യായിട്ടുള്ള പ്രോഗ്രാമുകൾക്ക് ഊന്നൽ നൽകുന്നത് ഉചിതമായിരിക്കുമെന്നും അറിയിച്ചു.

തുടർന്നു പൊതുചർച്ചയായിരുന്നു ഈ സെമസ്റ്റർ മുതൽ വിദ്യാർത്ഥികളുടെ പക്കൽനിന്നും ഫീഡ്ബാക്ക് സ്വരൂപിക്കുന്നത് ഓൺലൈൻ മുഖാന്തിരമാണെന്നും ആയതിന്റെ തുടക്കമായി ഇതിനായി നിയോഗിക്കപ്പെട്ട അദ്ധ്യാപകർക്ക് ഡെമോ നടത്തിയത് ഡോ.സാജു ടി.എസ്, ഐ.ക്യു.എ.സി ഡയറക്ടർ റിപ്പോർട്ട് ചെയ്തു. 2019 ഏപ്രിൽ 4,5 തീയതികളിലായി ഇതിനായി നിയോഗിക്കപ്പെട്ട അദ്ധ്യാപകർ അതാതു വകുപ്പിൽ വന്നു വിദ്യാർത്ഥികളെ ബോധവത്കരിക്കുമെന്നും ഡോ.സാജു ടി.എസ് അറിയിച്ചു.

കഴിഞ്ഞ വർഷം (2017-18) കാലയളവിലെ ഡിപ്പാർട്ട്മെന്റ് /അദ്ധ്യാപകരുടെ അക്കാദമിക വിവരങ്ങൾ പ്രഫോർമ 1 & 2-വിലൂടെ ഐ.ക്യു.എ.സി സ്വരൂപിച്ചിരുന്നു. 2018-19 കാലയളവിലെ വിവരങ്ങൾ 2019 ജൂൺ 10 നുള്ളിൽ അപ്ലോഡ് ചെയ്ത് തീർക്കണമെന്ന് നാക് കോ-ഓർഡിനേറ്റർ അഭ്യർത്ഥിച്ചു. ഓരോ എൻട്രിയുടേയും പ്രൂഫ്/ഡോക്യുമെന്റ്സ് അപ്ലോഡ് ചെയ്യണമെന്നും ആവശ്യപ്പെട്ടു. കഴിഞ്ഞ 5 വർഷത്തെ ഡിപ്പാർട്ട്മെന്റ് പ്രൊഫൈൽ തയ്യാറാക്കുകയും ആയത് നാക് സന്ദർശനവേളയിൽ PPT യായി അവതരിപ്പിക്കാനും പുസ്തകത്തിന്റെ രൂപത്തിൽ തയ്യാറാക്കി വെയ്ക്കാനും ഓർമ്മിപ്പിച്ചു.

പ്രൊഫൈൽ തയ്യാറാക്കുമ്പോൾ ഡിപ്പാർട്ട്മെന്റിൽ നടന്ന മുഴുവൻ അക്കാദമിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്താനും ആയത് പരമാവധി ആകർഷണീയമായി കാണിക്കാനും ശ്രദ്ധിക്കേണ്ടതാണെന്ന് വൈസ് ചാൻസലർ നിർദ്ദേശിച്ചു. നാകിന്റെ മുന്നോടിയായി ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റുമാരുടെ യോഗം 2019 ഏപ്രിൽ 10-ാം തീയതി ഉച്ചയ്ക്ക് 2.30 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്താൻ തീരുമാനിച്ചു.

യോഗം 4.30ന് അവസാനിച്ചു.

**(ഒപ്പ്)**
**ഡോ.ധർമ്മരാജൻ പി.കെ**
**വൈസ് ചാൻസലർ**